**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4326** **06-03-2023 - ല്‍ മറുപടിയ്ക്ക്**

**ജി.പി.എ.ഐ.എസ്. പദ്ധതി പ്രകാരം ലഭിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജന്‍** | | **ശ്രീ കെ എന്‍ ബാലഗോപാല്‍ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.പി.എ.ഐ.എസ്. പദ്ധതി പ്രകാരം കേരളത്തിലെ സര്‍ക്കാര്‍ ജീവനക്കാരില്‍ നിന്ന് നാളിതുവരെ ആകെ എത്ര തുകയാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ജി.പി.എ.ഐ.എസ് പദ്ധതി പ്രകാരം 2011 മുതല്‍ 24.01.2023 വരെ ലഭിച്ച തുക 279,55,81,568/- രൂപയാണ്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം അപകടത്തില്‍പ്പെട്ട എത്ര പേര്‍ക്ക് ആനുകൂല്യം നല്‍കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അപകടത്തില്‍പ്പെട്ട ജീവനക്കാര്‍ക്കും, മരണമടഞ്ഞ ജീവനക്കാരുടെ ആശ്രിതര്‍ക്കും നല്‍കിയ തുക തരംതിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2011 മുതല്‍ 2022 വരെ 1507 പേര്‍ക്കാണ് ആനുകൂല്യം നല്‍കിയിട്ടുള്ളത് . വിശദവിവരങ്ങള്‍ ചുവടെ ചേര്‍ക്കുന്നു. |

| വര്‍ഷം | ആശ്രിതര്‍ | തുക | ജീവനക്കാര്‍ | തുക |
|---|---|---|---|---|
| 2011 | 139 | 10,72,00,000/- | 6 | 14,33,334/- |
| 2012 | 158 | 12,64,00,000/- | 5 | 16,66,667/- |
| 2013 | 150 | 11,71,33,333/- | -- | -- |
| 2014 | 154 | 15,09,79,342/- | 8 | 55,00,000/- |
| 2015 | 135 | 13,54,23,435/- | 2 | 10,00,000/- |
| 2016 | 135 | 13,55,05,000/- | 7 | 35,00,000/- |
| 2017 | 117 | 10,73,33,332/- | 3 | 20,00,000/- |
| 2018 | 112 | 11,16,42,192/- | 5 | 40,00,000/- |
| 2019 | 136 | 11,28,00,000/- | -- | -- |
| 2020 | 100 | 10,00,00,000/- | 10 | 30,40,000/- |
| 2021 | 103 | 10,30,00,000/- | 3 | 10,40,000/- |
| 2022 | 18 | 1,80,00,000/- | 1 | 5,50,000/- |

| | | | |
|---|---|---|---|
| (സി) | ജി.പി.എ.ഐ.എസ്. പദ്ധതി നടപ്പിലാക്കുമ്പോള്‍ ജീവനക്കാരില്‍ നിന്നും പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനെക്കുറിച്ചും, ആനുകൂല്യം നിഷേധിക്കുന്നതിനെക്കുറിച്ചുമുള്ള കാര്യകാരണങ്ങള്‍ വ്യക്തമാക്കിയാണോ സമ്മതപത്രം വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ജി.പി.എ.ഐ.എസ് പദ്ധതിക്കായി സമ്മതപത്രം വാങ്ങാറില്ല. ടി പദ്ധതിയുടെ ആനുകൂല്യങ്ങളെക്കുറിച്ചും പ്രസ്തുത ആനുകൂല്യം നഷ്ടമാകുന്ന സാഹചര്യങ്ങളെ കുറിച്ചും വര്‍ഷാവര്‍ഷം സര്‍ക്കാര്‍ പുറപ്പെടുവിക്കുന്ന ഉത്തരവുകളില്‍ വ്യക്തമാക്കാറുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിബന്ധനകൾ അറിയാതെ ജി.പി.എ.ഐ.എസ്. പദ്ധതിയുടെ തുക ജീവനക്കാരിൽ നിന്ന് ഈടാക്കുന്നതായും, അപകടത്തിൽപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് പ്രസ്തുത ആനുകൂല്യം നിഷേധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടില്ല. |

സെക്ഷൻ ഓഫീസർ